# FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ

**Hazrat khalifathullah Munir Ahmad Azim (A)**

**16 December 2016 (15 Rabi 'ul' Awwal 1438 Hijira)**

## The Concept of Revelation Part (2) വെളിപാടിന്റെ പൊതുധാരണ (പാർട്ട് 2)

സലാമിന് ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽഫാതിഹ പാരായണം ചെയ്തു. തുടർന്ന് **വെളിപാടിന്റെ പൊതുധാരണ (പാർട്ട് 2)** എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ ആഴ്ച ആരംഭിച്ച പ്രസംഗത്തിന്റെ ബാക്കിഭാഗം തുടരുകയാണ്. വെളിപാടുകൾ ലഭിക്കുന്ന മൂന്ന് വിഭാഗം ആളുകളെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. ഒന്നാം വിഭാഗത്തിലുള്ളവരെക്കുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു. അവരിൽ പ്രത്യേകം നന്മകളോ, സർവ്വശക്തനായ ദൈവവുമായി ബന്ധമോ ഇല്ലാത്തവരാണ്. ഇന്ന് ഇൻശാ അല്ലാഹ് അതേ വിഷയത്തിന്റെ വിശദീകരണം തുടരുകയാണ്.

രണ്ടാം വിഭാഗത്തിൽപെടുന്ന ആളുകൾക്ക്, സർവ്വശക്തനായ അല്ലാഹുമായി ചില ചില്ലറബന്ധങ്ങളുണ്ടായിരിക്കും, എന്നാൽ ആ ബന്ധം സമ്പൂർണ്ണമല്ല. അവരുടെ സ്വപ്നങ്ങളെ സംബന്ധിച്ച് വെളിപാടുകളെ സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) ഒരു സാദൃശ്യം നമുക്ക് നല്കുന്നുണ്ട്. ആ വ്യക്തിയുടെ അനുഭവം ഇപ്രകാരം വിവരിക്കുന്നു. അന്ധകാരമയവും തണുപ്പുള്ളതുമായ ഒരു രാത്രി, അങ്ങ് ദൂരെ ഒരു തീജ്വലിക്കുന്നത് കാഴ്ചയിൽപെടുന്നു. എന്നാൽ ആ പാതയിലൂടെ നടത്തെത്തുവാൻ കഴിയുന്നില്ല. കാരണം പാതമുഴുവൻ കുണ്ടും കുഴിയും മുള്ളുകളും പാറകളുമാണ്. അവയിൽ പാമ്പുകളും വന്യമൃഗങ്ങളും ധാരാളമുണ്ട്. എന്നാൽ ആ തീയുടെ ജ്വലനം അവനെ തണുപ്പിൽ നിന്നും മരണത്തിൽ നിന്നും സുരക്ഷിതമാക്കുന്നില്ല. ആ തീയുടെ ചൂടുള്ള വൃത്തത്തിൽ അവൻ എത്തുന്നില്ലെങ്കിൽ, അന്ധകാരത്തിൽ നടക്കുന്നവനെപോലെ, അവനും നാശമടയുന്നതാണ്.

അതേ സാദൃശ്യം തുടർന്നുകൊണ്ട്, മൂന്നാം വിഭാഗത്തിലെ ആളുകളെപറ്റി പറയുന്നു. അവരുടെ സ്വപ്നങ്ങളും വെളിപാടുകളും അവർ അനുഭവിച്ചറിയുന്നത് ഇപ്രകാരമാണ്. അന്ധകാരമായ രാത്രിയിൽ, വളരെ തണുപ്പുള്ള രാത്രിയിൽ തീയുടെ മനോഹര ജ്വലനം കാണുകയും ആ പ്രകാശത്തിൽ അവർ നടക്കുകയും, എന്നിട്ട് ചൂടുള്ള വൃത്തത്തിൽ പ്രവേശിക്കുകയും തണുപ്പിൽ നിന്ന് സമ്പൂർണ്ണമായും സുര ക്ഷിത വൃത്തത്തിലാവുകയും ചെയ്യുന്നു. ഈ അവസ്ഥയെ കുറിച്ച് വാഗ്ദത്ത മസീഹ് (അ) പറയുന്നു. അത്തരം ആളുകൾ ആ അവസ്ഥയിൽ എത്തിച്ചേരാൻ കാരണം അവർ തങ്ങളുടെ ഇച്ഛകളെ ദൈവസ്നേഹാഗ്നിയിൽ കരിച്ചു കളഞ്ഞു. ദൈവപ്രീതിക്കായി കയ്പുള്ള ജീവിതത്തെ തെരഞ്ഞെടുത്തവരാണവർ. അവർ മരണത്തെ മുഖാമുഖം കാണുന്നു. അതായത് അവരുടെ ഇച്ഛകളുടെ മരണത്തെ-അവർ മുന്നോട്ടുപോകുന്നു -അവർ അതിലേക്ക് ഓടുന്നു. അവരതിനെ അവർക്കായി തിരഞ്ഞുടുക്കുന്നു. ഈ മര ണത്തെ സാധാരണഗതിയിലുള്ള മരണമായും കാണാവുന്നതാണ്. വെളിപാടുകൾ ലഭിക്കുന്നവൻ അത് അംഗീകരിക്കുന്നു ; അതിനെ സ്വാഗതം ചെയ്യുന്നു അവൻ മന സ്സിലാക്കുന്നു. അവൻ പൂർണ്ണമായും അതിനെ അപഗ്രഥിക്കുന്നു. ഇതാണ് വഴി എന്ന് തിരിച്ചറിയുന്നു. അത് അവനെ ഹൃദയസമാധാനത്തിലേക്ക് നയിക്കുന്നു. അതായത് സർവ്വശക്തനായ ദൈവത്തിലേക്ക് അങ്ങനെ മരണം ഭയാനകമായ ഒരവസ്ഥ അല്ലാ തായി മാറുന്നു. മറിച്ച് മരണം ഒരു സ്നേഹതനായി മാറുന്നു. അവൻ അതിനെ പുണ രുന്നു. അങ്ങനെ അവൻ ദൈവത്തിന്റെ ഔദാര്യത്തെ ദർശിക്കുന്നു. ഹൃദയം നിറയെ ദൈവീക കാരുണ്യത്തിന്റെയും ദൈവസ്നേഹത്തിന്റെയും പ്രതീക്ഷയായിരിക്കും.

ഇത്തരം ആളുകൾ വാഗ്ദത്ത മസീഹ് (അ) ന്റെ അഭിപ്രായ പ്രകാരം, ദൈവ ത്തിനായി ദൈവ മാർഗത്തിൽ എല്ലാവിധ ശിക്ഷകളും അവർ ഏറ്റുവാങ്ങുന്നു. അവർ അവരുടെ ഞാനെന്ന ഭാവത്തിന്റെ ശത്രുക്കളായി മാറുന്നു. അവർ അതിനെതിരിൽ യാത്ര ചെയ്യുന്നു. (അതായത് ഞാനെന്ന ഭാവത്തിനെതിരിൽ) വിശ്വാസത്തിന്റെ അത്തരം ശക്തിപ്രകടനമാണവർ പ്രദർശിപ്പിക്കുന്നത്. അവരുടെ വിശ്വാസത്തിന്റെ ശക്തിയിൽ മാലാഖമാർ പോലും അത്ഭുതം കൂറുന്നു. അവർ ആത്മീയ പോരാളിക ളാണ്. അവരുടെ ആത്മീയശക്തിയുടെ മുൻപിൽ സാത്താൻ നിഷ്ഭ്രമമായിപ്പോകു ന്നു.

ഈ മൂന്നാം വിഭാഗത്തിൽപ്പെടുന്ന വെളിപാടാണ് സമ്പൂർണ്ണ വെളിപാട് എന്ന് പറയാവുന്നത്. ഇത് ഇറങ്ങുന്നത് സമ്പൂർണ്ണ വ്യക്തികളിലാണ്. ശുദ്ധ കണ്ണാടിയിൽ പതിക്കുന്ന സൂര്യരശ്മിപോലെ ഇതിനെ കണക്കാക്കാവുന്നതാണ്. പ്രസ്തുത രശ്മി പതിൻമടങ്ങ് വലുതായി പ്രത്യക്ഷമാവുകയും, അത് കണ്ണുകൾക്ക് താങ്ങാൻ കഴിയുന്നതുമായിരിക്കില്ല.

ശുദ്ധീകരിക്കപ്പെട്ട ഒരാത്മിൽ ഈ നിലയിൽ വെളിപാടുകൾ ഇറങ്ങുമ്പോൾ, വിശിഷ്യാ അല്ലാഹുവിന്റെ ഒരു ദൂതന്റെ മേൽ, അതിന്റെ അസാധാരണമായ പ്രകാശം തിളങ്ങുകയും, ദൈവീക ഗുണങ്ങളുടെ പ്രതിബിംബം പ്രസ്തുത ആത്മാവിന്റെ പ്രകടമാവുകയും, ദൈവീകതയുടെ മുഖഭാവം പൂർണ്ണമായും തുറക്കപ്പെടുകയും ചെയ്യുന്നു. അവന്റെ ആന്തരീക നയനം ദൈവീക ജ്വലനത്തെ ദർശിക്കുകയും അവന്റെ ഹൃദയം, അവന്റെ (ദൈവത്തിന്റെ) സ്നേഹത്തിലും, കാരുണ്യത്തിലും, അനുകമ്പയിലും, ദയാവായ്പിലും, പ്രകാശത്തിലും മഹത്വത്തിലും തിമിർത്തുല്ലസിക്കുകയും ചെയ്യുന്നു. അവനിൽ എല്ലാം സമ്പൂർണ്ണ അനുരഞ്ജനത്തിലായി കഴിയുന്നു. അല്ലാഹുവിന്റെ സാന്നിദ്ധ്യത്തിന്റെ കൂടുതൽകൊണ്ട് അവന്റെ സ്വത്വത്തെ തുടച്ചു നീക്കപ്പെട്ടതായി അനുഭവപ്പെടുന്നു എന്ന് പറയുന്നതാണ് ശരി. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതായി വിവരം ലഭിച്ചിരിക്കുന്നു **“എന്നെ ആരാണോ കണ്ടിട്ടുള്ളത്, അവൻ ദൈവത്തെ കണ്ടിരിക്കുന്നു”** ഇവിടെ പരിശുദ്ധ പ്രവാചകൻ (സ) സർവ്വശക്തനായ ദൈവത്തോട് തന്നെ തുല്യപ്പെടുത്തിയിരിക്കുകയല്ല ചെയ്തിരിക്കുന്നത്. എന്നാൽ, പകരം അദ്ദേഹം വിശദീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതായത് ദൈവീക വെളിപാടിലൂടെയും, സ്വപ്നങ്ങളിലൂടെയം, ഉത്തേജനങ്ങളിലൂടെയും, ദർശനങ്ങളിലൂടെയും, ദൈവീക പ്രകാശം, വ്യക്തിയിലൂടെ പരിപൂർണ്ണമായും പ്രതിബിംബിക്കുന്നതാണ് എന്ന് വ്യക്തമാക്കുകയാണ് ചെയ്യതിരിക്കുന്നത്. ഇവിടെ ഒരു കാര്യം കൂടി വ്യക്തമാക്കേണ്ടതുണ്ട്. അതായത് സർവ്വശക്തനായ ദൈവം തമ്പുരാൻ പ്രവാചകന്മാർക്ക് മാത്രം വെളിപാടുകൾ നല്കി പരിമിതപ്പെടുത്തിയിട്ടില്ല എന്ന പ്രസക്തമായ യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്. മൂസ (അ) ന്റെയും ഈസ (അ) ന്റെയും മാതാക്കൾ പ്രവാചകരായിരുന്നില്ല എന്ന് മനസ്സിലാക്കേണ്ടതാണ്. എന്നിട്ടും അവർക്ക് ദിവ്യ വെളിപാടുകൾ ലഭിക്കുകയുണ്ടായി. നമുക്ക് സങ്കല്പിക്കുവാൻ കഴിയുമോ?

അതായത് ഒരു മുസ്ലീലിമിന് സംശുദ്ധമായ ഒരു ആത്മാവ് ഉണ്ട് (എന്ന് കരുതുക) ഹസ്രത് ഇബ്റാഹീം (അ) നെപോലെ ! എന്നിട്ടവൻ സർവ്വശക്തനായ ദൈവത്തെ അനുസരിക്കുന്നു എന്നും കരുതുക. അവന്റെ ഞാനെന്ന ഭാവത്തെ പരിപൂർണ്ണമായും ത്യജിച്ചു എന്നും കരുതുക. എന്നിട്ട് അവൻ നഷ്ടപ്പെട്ടവനായി എന്ന് കരുതുവാൻ പറ്റുമോ? മൂസ (അ)ന്റെ മാതാവിന് ലഭിച്ചതുപോലെ ദൈവീക വെളിപാടുകൾ ലഭിക്കുകയില്ല എന്ന് കരുതുവാൻ കഴിയുമോ? ചിന്താശേഷിയുള്ള ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ മേൽ ഇത്തരം പിശ്ക്ക് ആരോപിക്കുവാൻ കഴിയുമോ? ന്യായവാദത്തോടെ സഹജാവബോധത്തോടെ ഉത്തരം പറഞ്ഞാൽ “ഇല്ല” എന്ന് തന്നെ പറയേണ്ടിവരും

വെളിപാടുകൾ പ്രവാകന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിലും, ദൈവീക വെളിപാടുകൾ എല്ലാവർക്കും ലഭ്യമല്ലാ എന്നും നാം മനസ്സിലാക്കണം. വെളിപാടു സ്വീകരിക്കുന്നതിന് ഒരു നിത്യ നിലവാരത്തിലുള്ള കഴിവുകൾ ഉണ്ടാകേണ്ടതാവശ്യമാണ്. ബറാഹീനെ അഹ്മദിയ്യാ (വാല്യം III) വാഗ്ദത്ത മസീഹ് (അ) സൂചിപ്പിക്കുന്നു. “ഓരോ വ്യക്തിക്കും, അവൻ ഭ്രാന്തനല്ലെങ്കിൽ, അവന്റെ ചിന്താശക്തിയിലും ദൈവീക സ്നേഹത്തിലും, നന്മയിലും പുരോഗതി ആർജ്ജിക്കുവാൻ കഴിയും എന്നത് ശരിയാണ്, എന്നാൽ ഓർത്തിരിക്കുക ഒരാൾക്കും തന്റെ കഴിവിനപ്പുറത്തേക്ക് വളരുവാൻ സാധ്യമല്ല” വിവിധ തരത്തിലുള്ള കഴിവുകളും ധാർമ്മിക ഗുണങ്ങളും, ഹൃദയ നൈർമല്യവും ഓരോ വ്യക്തിയിലും വിവിധ തരത്തിലാണ് എന്നത് വ്യക്തമാണ്. ഈ മൂന്ന് ശാഖകളിലും സമ്പൂർണ്ണത കൈവരിക്കുന്നവർക്ക്, ദൈവീക വെളിപാടുകളാൽ ധന്യമാകാവുന്നതാണ്.

വെളിപാടിന്റെ ആവശ്യകതും, വെളിപാട് ലഭിക്കുന്ന ആളുകളുടെ വിഭാഗവും സ്ഥാപിച്ചശേഷം, നാമിപ്പോൾ വളരെ നിർണ്ണായകമായ ഒരു ചോദ്യത്തിന്നരികിൽ എത്തിയിരിക്കുകയാണ്. **യഥാർത്ഥ വെളിപാടിന്റെ രീതികളും പ്രത്യേകതകളും എന്തെല്ലാമാണ്? എങ്ങനെയാണ് വെളിപാട് ലഭിക്കുന്നത്?**

**ഇമാമിന്റെ ആവശ്യകത** എന്ന ഗ്രന്ഥത്തിൽ (പേജ് 13-19) വാഗ്ദത്തമസീഹ് (അ) സത്യമായ വെളിപാടിന്റെ പത്ത് സവിശേഷതകൾ രേഖപ്പെടുത്തിയിരിക്കുന്നു. അതിന്റെ സംഗ്രഹം താഴെകാണുന്ന നിലയിൽ നമുക്ക് ഗ്രഹിക്കാം

1. സത്യമായ വെളിപാട് ലഭ്യമാകുന്നത്, സ്വീകർത്താവിന്റെ ഹൃദയം, സത്യത്തിന് വേണ്ടി ഉരുകി വേദനിക്കുന്ന സമയമായിരിക്കണം. സർവ്വശക്തനായ ദൈവത്തിലേക്ക് തെളിഞ്ഞ ജലംപോലെ ഒഴുകണം
2. സത്യമായ വെളിപാടിനെ തുടർന്ന് ആനന്ദാനുഭൂതി ഉടലെടുക്കുന്നു. അഞ്ജാതമായ നിലയിൽ ഒരുറപ്പ് അതു പ്രദാനം ചെയ്യുന്നു. അത് ഹൃദയത്തിലേക്ക് തുളച്ചുകയറുന്നതായിരിക്കും, ഒരു ഇരുമ്പാണിയെന്നപോലെ
3. സത്യമായ വെളിപാട് നല്ലൊരളവോളം മഹത്വം കുടികൊണ്ടിരിക്കും ; ഹൃദയത്തിൽ അത് ശക്തിപകരുന്നതായിരിക്കും ; ആദരസമന്വിതമായ അത്ഭുതശബ്ദത്തോടെ അത് അവതരിക്കുന്നു.
4. സർവ്വശക്തനായ ദൈവത്തിന്റെ ശക്തിപ്രഭാവം സത്യമായ വെളിപാടിലുണ്ടായിരിക്കും; പൂർത്തീകരിക്കപ്പെടുന്ന പ്രവചനങ്ങൾ അതിൽ ഉൾക്കൊണ്ടിരിക്കും.
5. സ്വീകർത്താവിന്റെ എല്ലാ ആന്തരിക ശക്തികളും സത്യമായ വെളിപാടിന് സാക്ഷ്യം വഹിച്ചുണ്ടായിരിക്കും അവന്റെ എല്ലാ സർഗ്ഗശക്തികളിലും ഒരു തെളിഞ്ഞ പ്രകാശം കൂടുകെട്ടിയിരിക്കും; അവനിൽ അവൻ ഒരു മാറ്റം സ്വയം കണ്ടെത്തും. അവന്റെ മുൻകാല ജീവിതം അതോടെ അവസാനിക്കുകയും, ഒരു പുതിയ ജീവിതം അവൻ ആരംഭിക്കുകയും ചെയ്യുന്നതാണ്. അവൻ മാനവകുലത്തിനുവേണ്ടി അനുകമ്പയുടെ ഉറവിടമായി മാറുന്നതാണ്
6. സത്യമായ വെളിപാട് സ്വീകർത്താവിന്റെ നന്മയെ സംരക്ഷിക്കുകയും, അവനിലെ ആന്തരിക അശുദ്ധിയെ ശുദ്ധീകരിക്കുകയും അവനിലെ ധാർമ്മികാവസ്ഥയെ സമ്പന്നമാക്കുകയും ചെയ്യുന്നു
7. സത്യമായ വെളിപാട് ഒരു വാക്കിലോ വചനത്തിലോ പൂർണ്ണമാവുകയില്ല. ദൈവവചനങ്ങൾക്ക് ഒരു തുടർച്ച ഉണ്ടായിരിക്കും. സത്യമായ വെളിപാട് ലഭിക്കുന്ന ആളിന് തന്റെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതാണ്. ഒരേ സ്ഥലത്തും ഒരേ സമയത്തും; ചിലപ്പോൾ രണ്ട് വെളിപാടുകൾക്കിടയിൽ ഇടവേള ഉണ്ടായേക്കാം
8. വെളിപാട് സ്വീകർത്താവ് ഒരിക്കലും ഒരു ഭീരു ആയിരിക്കില്ല കള്ളവാദികൾക്കെതിരിൽ നിലകൊള്ളുന്നതിന് അല്പവും ഭയപ്പെടുകയുമില്ല
9. സത്യമായ വെളിപാട് അറിവും ജ്ഞാനവും നേടുന്നതിനുള്ള വഴികളാണ്. ദൈവീക വെളിപാട് സ്വീകർത്താവിനെ അജ്ഞതയിലും അറിവില്ലായ്മയിലും ദൈവം ഉപേക്ഷിക്കുകയില്ല.
10. സത്യമായ വെളിപാടിനൊപ്പം മറ്റനേകം അനുഗ്രഹങ്ങളും ഉണ്ടാകുന്നതാണ്. യഥാർത്ഥ വെളിപാട് സ്വീകർത്താവിന് അല്ലാഹുവിൽ നിന്നുള്ള ബഹുമതി നല്കി കീർത്തിപെറ്റവനാക്കിത്തീർക്കുകയും ചെയ്യും.

സത്യമായ വെളിപാടുകളുടെ സവിശേഷതകൾ വിവരിച്ചശേഷം, വാഗ്ദത്ത മസീഹ് (അ) വാദിക്കുന്നു. പൊതുവായ വെളിപാടുകൾ പലവിധത്തിലുണ്ടാകാം. തന്റെ പ്രസിദ്ധ ഗ്രന്ഥമായ ബറാഹീന അഹ്മദിയ്യാ (പേജ് 230-280)യിൽ വെളിപാട് സ്വീകർത്താവിന്റെ അവസ്ഥകളും രീതികളും വിവരിയ്ക്കുന്നുണ്ട്

ഈ വിവരണം, വാഗ്ദത്തമസീഹ് (അ) പ്രസ്താവിച്ച നിലവാരത്തിൽ, ഇംഗ്ലീഷ് ഭാഷയിൽ, പരിഭാഷപ്പെടുത്തുവാൻ കഴിയില്ല, എന്നാൽ നിങ്ങൾക്കെല്ലാപേർക്കും ഇതു സംബന്ധമായി ഒരാശയം ലഭിക്കുന്നതിനായിട്ടാണ്, ഇത് പറയുന്നത്. വാഗ്ദത്ത മസീഹ് (അ) ന്റെ വളരെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ എന്തുകൊണ്ട് ജമാഅത്ത് അഹ്മദിയ്യാ പരിഭാഷപ്പെട്ട പെടുത്തിയില്ല എന്നതിന്റെ ഉള്ളറിയുവാൻ എനിക്ക് കഴിയുകയില്ല. വിശിഷ്യാ (ഹഖീഖത്തുൽ വഹ്‌യ്) അതു അറബിയിലുണ്ടായിരിക്കേ എന്തുകൊണ്ട് ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തപ്പെട്ടില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, ലോകത്തുള്ള അഹമദികൾക്കും മറ്റു സത്യാന്വേഷകർക്കും അദ്ദേഹത്തിന്റെ അധ്യാപനത്തിന്റെ യഥാർത്ഥ സത്ത മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. പ്രസ്തുത ഗ്രന്ഥങ്ങളിലൂടെ പ്രസ്തുത അദ്ധ്യാപനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുമായിരുന്നു. 125 വർഷങ്ങളിൽ കൂടുതൽ കടന്നു പോയിരിക്കുന്നു ; അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അനേകം കഴിവുറ്റ അഹ്മദികൾക്ക് ഇത് ചെയ്യുവാൻ കഴിയുമായിരുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ധാരാളം സാമ്പത്തിക അടിത്തറയും ജമാഅത്തിനുണ്ട്. ഇതുവരെയും ഈ ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് പ്രസദ്ധീകരിക്കുന്ന ഒരു സൂചനയും കാണുന്നുമില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ അല്ലാഹു (ത) ഉയർത്തിയിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ)ന്റെ ഏതാനും പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുവാനുള്ള തുടക്കം കുറിച്ചിരിക്കുന്നു.

ഹഖീഖത്തുൽ വഹ്‌യ് ഉൾപ്പടെ ! ഇംഗ്ലീഷ്, മലയാള ഭാഷകളിൽ ഹഖീഖത്തുൽ വഹ്‌യുടെ പരിഭാഷ നമ്മുടെ കേരള അമീർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ് ഏറ്റവും നല്ല പരിഭാഷ ഉണ്ടാകുവാൻ അല്ലാഹു (ത) അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ! അല്ലാഹുവിനോടും അവന്റെ ഖലീഫത്തുല്ലാഹ്‌യോടും പ്രകടമാക്കിയ യഥാർത്ഥ ഭക്തി സ്നേഹപ്രകടന സമ്മാനമായി മാറട്ടെ ! ആമീൻ. വാഗ്ദത്ത മസീഹ് (അ) ന്റെ ഗ്രന്ഥങ്ങളുടെ പരിഭാഷകളിലേർപ്പെട്ടിരിക്കുന്ന എന്റെ അനുയായികൾക്ക്, ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തങ്ങളുടെ പുസ്തക ലേഖന പ്രസംഗങ്ങളുടെ പരിഭാഷയിൽ മുഴുകിയിരിക്കുന്ന എന്റെ ശിഷ്യർക്ക്, അല്ലാഹു (ത) അവന്റെ അനുഗ്രഹങ്ങൾ ചൊരിയട്ടെ ! നമ്മുടെ സാമ്പത്തിക രംഗം ശുഷ്ക്കമാണെങ്കിലും അല്ലാഹുവിന്റെ അപാരമായ സഹായം ഉണടാകുന്നതാണ്. നമ്മുടെ ഈ മഹത്തായ യജ്ഞത്തിൽ നാം വിജയശ്രീലാളിതരായി തീരുന്നതാണ്. ഇൻശാ അല്ലാഹ്

എന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗം ഇന്ന് ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. അടുത്ത വെള്ളിയാഴ്ച ഇൻശാ അല്ലാഹു ഇതേ വിഷയത്തിന്റെ അടുത്ത ഭാഗം തുടരുന്നതാണ്. നിങ്ങളെ എല്ലാവരേയും അല്ലാഹു അനുഗ്രഹിക്കട്ടെ ! എനിക്ക് അല്ലാഹു (ത) നല്കിക്കൊണ്ടിരിക്കുന്ന ദിവ്യവെളിപാടുകളുടെ യഥാർത്ഥ്യം ഗ്രഹിക്കുവാൻ നിങ്ങളെ ഓരോരുത്തരെയും അല്ലാഹു പ്രാപ്തമാക്കട്ടെ! എനിക്കു ശേഷവും ഇപ്രകാരം അവൻ വെളിപാടുകൾ തുടരുന്നതാണ്. അന്ത്യനാൾ വരെയും അതു തുടരുന്നതാണ്. അങ്ങനെ ആ അന്ത്യ സമയം എല്ലാം സമാധാന (ഇസ്ലാമിലും) ത്തിലും അല്ലാഹുവിനുവേണ്ടിയും മാത്രമാകുന്നതാണ്. സ്വമേധയോ, നിർബന്ധിതമായോ എല്ലാ സത്യവും എല്ലാവർക്കും ബോധ്യമാകും, കുറ്റവാളികൾക്ക് അപമാനവും, കടുത്ത ശിക്ഷയും ഉണ്ടാകും. **കാരണം വെളിപാടിന്റെ പ്രകാശവും സത്യവും** അംഗീകരിക്കുവാനുള്ള ബുദ്ധിവൈഭവം അവർ പ്രകടമാക്കിയില്ല, അവരുടെ കാലഘട്ടത്തിൽ അല്ലാഹുവിന്റെ ദൂതനിലൂടെ നല്കപ്പെട്ട **സത്യവും പ്രകാശവും** ! അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ – ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**